# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **3101** — 21/06/2013 - ലെ മറുപടിയ്ക്ക്

## ആദിവാസികളെ പരമ്പരാഗത കൃഷിരീതിയിലേക്ക് മടക്കിക്കൊണ്ടുവരാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി.കെ.നാണു<br>ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീമതി ജമീലാ പ്രകാശം | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) അട്ടപ്പാടിയിലും അഗളിയിലും മറ്റും ആദിവാസികൾ പരമ്പരാഗത കൃഷിയിൽ നിന്നും വിട്ടുമാറി യിരിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) എങ്കിൽ അതിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ ;<br>(സി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (എ). ഉണ്ട്.<br>(ബി) & (സി) വന്യമൃഗങ്ങളുടെ ശല്യവും ജല സേചന പദ്ധതികളുടെ കുറവും, കൃഷിയിറക്കുന്നതിനുള്ള മൂലധനമില്ലായ്മ യുമാണ് പരമ്പരാഗത കൃഷി രീതിയിൽ നിന്നും ആദിവാസികൾ വിട്ടുമാറുവാനുള്ള കാരണം. |
| (ഡി) ആദിവാസികളെ പഴയ കൃഷിരീതിയിലേക്ക് മടക്കികൊണ്ടു വരാൻ എന്ത് നടപടികൾ കൈക്കൊള്ളാനാണ് വകുപ്പ് ഉദ്ദേശിക്കുന്നത്;<br>(ഇ) അത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ? | (ഡി) & (ഇ) ആദിവാസികളെ പഴയ കൃഷിരീതിയിലേക്ക് മടക്കിക്കൊണ്ടുവരുന്നതിന് ഒരു സമഗ്ര വികസന കാർഷിക പദ്ധതി തയ്യാറാക്കി വരുന്നു. പരമ്പരാഗത കൃഷിയിനങ്ങളായ റാഗി, ചാമ, സ്വർഗ്ഗം എന്നീ ചെറുധാന്യങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക, പയർവർഗ്ഗ വിള കൃഷി, ശീതകാല പച്ചക്കറി കൃഷി, ഫലവൃക്ഷ – പച്ചക്കറി തൈകളുടെയും കാർഷിക യന്ത്രങ്ങളുടെയും സസ്യസംരക്ഷണ ഉപകരണങ്ങളുടെയും വിതരണം, പരിശീലനം മുതലായവ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ബൃഹത്തായ പദ്ധതിയാണിത്. |

സെക്ഷൻ ആഫീസർ